(ബി) പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിയമസഭ പാർലമെന്റ് അംഗങ്ങളെ അവഗണിച്ച് സ്കൂളിലെ അക്കാദമിക് കാര്യങ്ങളിൽ മതസാമുദായിക നേതൃത്വങ്ങളെ പങ്കെടുപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിദ്യാർത്ഥി സമരം ഒത്തുതീർക്കുന്നതിന് നടപടി

23 (1059) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം ഒത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) സമരത്തിന് ആധാരമായി വിദ്യാർത്ഥികളുന്നയിച്ച ആവശ്യങ്ങളോടുള്ള സർവ്വകലാശാല അധികൃതരുടെയും സർക്കാരിന്റെയും നിലപാട് എന്തെന്ന് വെളിപ്പെടുത്താമോ ;

(സി) സമരം തീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും നൽകിയ ഉറപ്പുകളിൽ നിന്നും പിന്മാറിയിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) കാമ്പസിലെ റെഗുലർ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഹോസ്റ്റൽ സൗകര്യം സ്വാശ്രയ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാനുള്ള വൈസ് ചാൻസലറുടെ തീരുമാനം ചട്ടപ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഭീമമായ ഫീസ് നൽകി പഠിക്കുന്ന സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തേണ്ട ബാധ്യത സർവ്വകലാശാല നിർവ്വഹിക്കാത്തതിന്റെ കാരണമാരായാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറുടെ ചട്ടവിരുദ്ധ തീരുമാനങ്ങൾ റദ്ദാക്കുന്നതിനും വിദ്യാർത്ഥികളുടെ സമരം ഒത്തുതീർക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം വൈസ് ചാൻസലറുടെ നേതൃത്വത്തിൽ 9-3-2015-ൽ ചേർന്ന യോഗത്തിൽ ഒത്തു തീർപ്പാക്കാനുള്ള ശ്രമവും വിജയിച്ചിട്ടില്ല.

(ബി) വിദ്യാർത്ഥികൾ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചു നൽകണമെന്നതാണ് സർക്കാർ നിലപാട്.

(സി) സമരം തീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും നൽകിയ ഉറപ്പുകളിൽ നിന്നും പിന്മാറിയിട്ടില്ല. പക്ഷേ ഒത്തുതീർപ്പിന് വിദ്യാർത്ഥികൾ ഇനിയും തയ്യാറായിട്ടില്ല.

(ഡി) കാമ്പസിലെ റെഗുലർ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഹോസ്റ്റൽ സൗകര്യം സ്വാശ്രയ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാതിരിക്കാൻ നിയമമില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. അതേസമയം റഗുലർ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സൗകര്യങ്ങളിൽ കുറവുവരുത്താതെ തന്നെ സ്വാശ്രയ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗകര്യം ഏർപ്പെടുത്താനുള്ള ശ്രമം നടത്തിവരികയാണ്.

(ഇ) സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രത്യേകം സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കുവാൻ 3.7 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്.

(എഫ്) 9-3-2015-ന് ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികളുടെ സമരം ഒത്തുതീർപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ആയതിനുള്ള ശ്രമം തുടർന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly